# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ-ഇ കെ എം (പി12)1160/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ-ഇ കെ എം (പി12)1160/2021 തീയ്യതി: 06/01/2022

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 25-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 25-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസി.എം ഓഡിറ്റ് ഓഫിസർ
ശ്രീ സന്തോഷ് കുമാർ കെ.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ സജീവ് എൻ.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി ബെറ്റ്സി.സി.എക്സ്. ഓഡിറ്റർ
ശ്രീ ടിനു.കെ.ജെ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.ഐ. നിഷാദ് | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| സീന പി.വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രേമലത എം.എൽ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| സിമ്മി സി.കെ. | കൃഷി ഓഫീസർ | 01-04-2020 | 02-09-2020 |
| ഉമാമഹേശ്വരി എം.ഡി. | കൃഷി ഓഫീസർ | 03-09-2020 | 31-03-2021 |
| ഡോ. അനുപം ഏബ്രഹാം | വെറ്ററിനറി സർജൻ | 01-04-2020 | 17-06-2020 |

| | | | |
|---|---|---|---|
| ഡോ. നസിയ റഹ്മാൻ | വെറ്ററിനറി സർജൻ | 18-06-2020 | 22-06-2020 |
| ഡോ. ബീന എസ്. | വെറ്ററിനറി സർജൻ | 23-06-2020 | 31-03-2021 |
| ഡോ. ശ്രീജ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 25-08-2020 |
| ഡോ. സിയാമോൾ വി.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 26-08-2020 | 31-03-2021 |
| സബീന ടി.എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 05-11-2020 |
| സീന അഗസ്റ്റിൻ പി.എ. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 06-11-2020 | 31-03-2021 |
| ഡോ.തോമസ് ജിബിൻ എ. | മെഡിക്കൽ ഓഫീസർ, ആയുർവേദം. | 01-04-2020 | 31-03-2021 |
| ഡോ. ധന്യ പ്രസാദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| മിനിമോൾ പി.വി. | അസി. എഞ്ചിനീയർ | 01-04-2020 | 08-01-2021 |
| മേഘ്ന | അസി. എഞ്ചിനീയർ | 09-01-2021 | 03-02-2021 |
| സിജി മത്തായി | അസി. എഞ്ചിനീയർ | 04-02-2021 | 18-02-2021 |
| സമീറ എം.എം. | അസി. എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 13-05-2020 |
| രമ്യ പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-05-2020 | 18-06-2020 |
| രതീഷ് ബാബു സി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-06-2020 | 30-06-2020 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2020 | 31-03-2021 |
| മധു കെ. ആർ. | വി.ഇ.ഒ. ചിറ്റാറ്റുകര | 01-04-2020 | 01-01-2021 |
| അമ്മിണിക്കുട്ടി കെ വി. | വി.ഇ.ഒ. ചിറ്റാറ്റുകര | 01-01-2021 | 31-03-2021 |
| സന്ധ്യ പി. എസ്. | വി.ഇ.ഒ. പല്ലംതുരുത്ത് | 01-04-2020 | 08-06-2020 |
| മിനി | വി.ഇ.ഒ. പല്ലംതുരുത്ത് | 09-06-2020 | 01-01-2021 |
| രജനിപ്രിയ | വി.ഇ.ഒ. പല്ലംതുരുത്ത് | 02-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tessy (Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: TINU K.J. (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-9 |
| 11 | ഗ്രാമസഭ<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-11 |
| 13 | റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-12 |
| 14 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-13 |
| 15 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-14 |
| 16 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ്,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-15 |
| 17 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-16 |
| 18 | ലാപ് ടോപ് - മുഴുവൻ വിതരണം ചെയ്തിട്ടില്ല<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-17 |
| 19 | സമഗ്ര ശിക്ഷാ കേരളം - ചെലവ് സംബന്ധിച്ച്<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-18 |
| 20 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-19 |
| 21 | സുലേഖ ചെലവ് പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-20 |

| | | |
|---|---|---|
| 22 | തെരുവു നായ്ക്കളിലെ പ്രജനന നിയന്ത്രണം - പദ്ധതി നടപ്പാക്കിയിട്ടില്ല<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-21 |
| 23 | വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-22 |
| 24 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-23 |
| 25 | പാലിയേറ്റിവ് കെയർ സെന്റർ-മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 1-24 |
| 26 | കോവിഡ് പ്രവർത്തനങ്ങൾ-അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-25 |
| 27 | ഓഡിറ്റ് ഇംപാക്ട്<br>Written By: TINU K.J. (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 18-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 23-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.02.2020 ലെ 2ാം നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. 23.03.2020ൽ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് നടപ്പു വർഷം യഥാർത്ഥത്തിലുള്ള വരവ് ചെലവുമായി വലിയ അന്തരം കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 23,66,6014 | 3,21,51,664 |
| വരവ് | 23,65,13,000 | 8,77,02,385 |
| ആകെ | 26,01,79,014 | 11,98,54,049 |
| ചെലവ് | 25,60,91,000 | 9,47,04,271 |
| നീക്കിയിരിപ്പ് | 40,88,014 | 2,51,49,778 |

ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 01.07.2021 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,21,51,664 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,77,02,385 |
| ആകെ | 11,98,54,049 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,47,04,271 |
| നീക്കിയിരിപ്പ് | 2,51,49,778 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,78,340 |

.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20903125 | 20903125 | 17215617 | 0 | 3687508 |
| വികസന ഫണ്ട്(എസ് സി പി) | 0 | 7507765 | 7507765 | 4731662 | 0 | 2776103 |
| വികസനഫണ്ട്(ടിഎസ് പി) | 0 | 190000 | 190000 | 27229 | 0 | 162771 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5592000 | 5592000 | 5384783 | 0 | 207217 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4651000 | 4651000 | 4548221 | 0 | 102779 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 13213906 | 13213906 | 11701391 | 0 | 1512515 |
| KLSGDP | 0 | 0 | 0 | 0 | 0 | 0 |
| NREGS | 140804 | 891963 | 1032767 | 1009117 | 23650 | 0 |
| ICDS | 1202282 | 1030799 | 2233081 | 901991 | 1331090 | 0 |
| NRHM | 150341 | 4131 | 154472 | 0 | 154472 | |
| ശുചിത്വ ഫണ്ട് | 1381325 | - | 1381325 | 0 | 1381325 | |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 100000 | 100000 | 100000 | 0 | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 278 | 205421520 | 163 | 99534071 | 90 | 25 | 58.60% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 140804 | 891963 | 1032767 | 1009117 | 23650 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 39366643 | 39366643 | 39366643 | -- |

| | | | | | |
|---|---|---|---|---|---|
| ആകെ | 140804 | 40258606 | 40399410 | 40375760 | 23650 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 1262100 | 90 |
| വിധവാപെൻഷൻ | 19669300 | 1408 |
| വാർദ്ധക്യ കാലപെൻഷൻ | 38639200 | 3243 |
| വികലാംഗ പെൻഷൻ | 5537700 | 383 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 1612500 | 116 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2021ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3,159/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുവരുന്ന പൊതുജനങ്ങൾക്ക് മികച്ച സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ നിന്നും സ്ഥല പരിമിതി മൂലം ലഭിക്കുന്നില്ല. പഞ്ചായത്തിലെ രജിസ്റ്ററുകളും, വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റിനായി ലഭിച്ചിരുന്നുവെങ്കിലും വിമുക്തഭടൻമാർക്കുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് ലഭിക്കുന്നതിന് വസ്തു നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടുകയും ജനങ്ങൾക്ക് ആവശ്യമായ മരുന്ന്. ഭക്ഷണം സാനിറ്റേഷൻ ഉപകരണങ്ങൾ,സി.എഫ്.എൽ.ടി.സി സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കൈയെഴുത്ത് രസീത് ഉപയോഗിച്ച് പണം പിരിക്കുമ്പോൾ കളക്ഷൻ രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ കൈയെഴുത്ത് രസീത് ഉപയോഗിച്ച് പിരിച്ച പണം പഞ്ചായത്തിൽ അടവാക്കുന്നതിന്റെ കൃത്യത പരിശോധനയ്ക്ക് വിധേയമാകുന്നില്ല. മിക്ക കൈയെഴുത്ത് രസീത് ബുക്കുകളിലും സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 ഗ്രാമസഭ

കോവിഡിന്റെ ഭാഗമായി സംസ്ഥാനമാകെ ലോക്ക്ഡൗൺ പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് എല്ലാ വാർഡുകളിലും ഗ്രാമസഭ ചേർന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2021 ഫെബ്രുവരി | 1. 2021-22 വാർഷിക പദ്ധതി രൂപീകരണം<br>2. 2020-21 വാർഷിക പദ്ധതി - ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം<br>3. MGNREGS ആക്ഷൻ പ്ലാൻ, ലേബർ ബഡ്ജറ്റ്, വാർഡ് മാപ്പ് അംഗീകരിക്കൽ<br>4. ഹരിതജ്യോതി - പ്രകൃതി സംരക്ഷണ ബോധ വത്കരണം |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2020 | ഫെബ്രുവരി 2020 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.17 മുതൽ 21.11.2017 വരെ | 2012-17 | 16.07.2019 |

## 1-12 റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് 2020-2021 സാമ്പത്തിക വർഷം റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 4, 10 വാർഡുകളിലായി പറയകാട് പാലം മുതൽ വേലൻകടവ് പാലം വരെ 980 മീറ്ററും, മൂലക്കടവ് പാലം മുതൽ പറയകാട് കുട്ടുകാട് റോഡ് വരെ 500 മീറ്ററും ടാർ റോഡ് കട്ട് ചെയ്ത് കേബിൾ സ്ഥാപിക്കുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന്റെ 12-08-2020 ലെ C2/6102/2020 നമ്പർ അപേക്ഷ, 04-09-2020ലെ C2-6683 നമ്പർ അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ 1829617 രൂപയുടെ റെസ്റ്റോറേഷൻ ചാർജ്ജ് എസ്റ്റിമേറ്റ് അംഗീകരിച്ച് 07/09/2020 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം, ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 24-02-2021 ലെ 6102/2020/സി2 നമ്പർ ഉത്തരവ് എന്നിവ പ്രകാരം ആയതിന് അനുമതി നൽകിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നീളം | 1480 |
| വീതി | .40 മീറ്റർ |
| വിസ്തൃതി | 592 ച.മീ |
| റോഡ് കട്ടിംഗിന്റെ തരം | 20 Mm Open Graded Chipping Carpet Surface |
| നിരക്ക് / ച.മീ | 3090.57 |
| റോഡ് കട്ടിംഗ് ചാർജ്ജസ് | 1829617.44 |

29-12-2020ൽ 120010400005 നമ്പർ രസീത് പ്രകാരം ഈ തുക ഈടാക്കിയിടിട്ടുണ്ട്. ചീഫ് എഞ്ചിനിയറുടെ (പി ഡബ്ല്യു ഡി റോഡ്സ്) 30/03/2019 ലെ സിഇ/ആർ&ബി/ജിഎൽ-ആർസി/2/2019 നം. സർക്കുലർ പ്രകാരം റോഡ് റെസ്റ്റോറേഷൻ പ്രവർത്തികൾ കണക്കാക്കുന്നത് ഒരു മീറ്റർ വീതിയിൽ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നീളം | 1480 |
| വീതി | 1 മീറ്റർ |
| വിസ്തൃതി | 1480 ച.മീ |

| | |
|---|---|
| റോഡ് കട്ടിംഗിന്റെ തരം | 20 Mm Open Graded Chipping Carpet Surface |
| നിരക്ക് / ച.മീ | 3090.57 |
| റോഡ് കട്ടിംഗ് ചാർജ്ജസ് | 4574044 |

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പറയകാട് പാലം മുതൽ വേലൻകടവ് പാലം വരെയും മൂലക്കടവ് പാലം മുതൽ പറയകാട് കൂട്ടകാട് റോഡ് വരെയും റോഡ് കട്ട് ചെയ്ത് കേബിൾ സ്ഥാപിക്കുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കിയ റോഡ് റെസ്റ്റോറേഷൻ ചാർജ്ജിൽ 2744427 (4574044 - 1829617) രൂപ കുറവുണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് 11-08-2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1ന്, റിലയൻസ് നൽകിയിട്ടുള്ള കത്തിൽ .40 മീറ്റർ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിനാണ് അപേക്ഷിച്ചിരുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള റോഡ് റെസ്റ്റോറേഷൻ ചാർജ്ജാണ് ഈടാക്കിയതെന്നും എന്നാൽ ഓഡിറ്റ് എൻക്വയറി ലഭിച്ചതിനു ശേഷം സ്ഥലം പരിശോധിച്ചപ്പോൾ HDD Method ഉപയോഗിച്ചാണ് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചെന്നും, മേൽ പ്രവൃത്തി ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയുമാണ് HDD Method ഉപയോഗിച്ചതെന്നുമുള്ള മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയത്. ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന്റെ മേൽ അപേക്ഷകളിൽ 100 മീറ്റർ ഇടവിട്ട് 1.5 X 1.5 M കുഴിച്ചുള്ള HDD Method ഉം .40 മീറ്റർ വീതിയിൽ റോഡ് കട്ട് ചെയ്യുള്ള OT Method ഉം പരാമർശിച്ച് OT Method ൽ 1480 മീറ്റർ റോഡ് കട്ട് ചെയ്യുന്നതിന്റെ പ്ലാൻ ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഏത് Method നാണ് പഞ്ചായത്ത് അനുമതി നൽകിയതെന്ന് വ്യക്തമല്ല. . അസിസ്റ്റന്റ് എഞ്ചിനിയർ നല്കിയ മറുപടിയിൽ പഞ്ചായത്ത് ഇത് സംബന്ധിച്ച് തീരുമാനമെടുത്തില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. HDD Method ൽ ആണ് ചെയ്തതെങ്കിൽ കുഴികളുടെ എണ്ണം, അളവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിലുമല്ല റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കി ഈടാക്കിയിരിക്കുന്നത്. . മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും HDD Method ൽ അല്ല കേബിൾ സ്ഥാപിച്ചതെങ്കിൽ മേൽ സൂചിപ്പിച്ച പ്രകാരം കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. പബ്ലിക്ക് വർക്ക്സ് (എച്ച്) വകുപ്പിന്റെ 30/07/2020 ലെ ജി.ഒ.(എംഎസ്)നം.59/2020/പിഡബ്ല്യൂഡി നം. ഉത്തരവ് പ്രകാരം റോഡ് കട്ടിംഗ് നിരക്ക് ജി.എസ്.ടി കൂടി ഉൾപ്പെട്ടതാണ്. എന്നാൽ ഈടാക്കേണ്ട തുകയിൽ നിന്നും പഞ്ചായത്ത് ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. ഇലക്ട്രോണിക്സ് & ഐ റ്റി (ബി) വകുപ്പിന്റെ 11-10-2018 ലെ ജി ഒ(എം എസ്) 25/2018(ITD), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-05-2018 ലെ ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW(Right Of Way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വസ്തുനികുതി |
|---|---|---|---|---|
| 1 | ഡോ.മുഹമ്മദാലി, സ്മിതാ ഹോസ്പിറ്റൽ | 9/450 | ആശുപത്രി | 563 |
| 2 | സജീവ്.എ.റോയ് | 15/254/D | ആശുപത്രി | 691 |
| ആകെ | | | | 1254 |

2)സെക്രട്ടറി, വടക്കേക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീണ്ടൂർ വക 3/84/F നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 161.81 ച.മീ. ആണ്. വസ്തുനികുതി നിർണ്ണയത്തിൽ ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം ' വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ' എന്നതിലാണ് ചേർത്തിരിക്കുന്നത്. ' വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ' ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 40 രൂപ/ച.മീറ്ററും 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ' എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ ചേർത്ത പ്രകാരം വസ്തുനികുതി ഈടാക്കിയതിൽ കുറവുണ്ടായതായി കാണുന്നു.

| | അടിസ്ഥാന വസ്തുനികുതി | വർദ്ധനവ്(വഴി സൌകര്യം 20%) | ഇളവ്(ബഹു നില വാണിജ്യാവശ്യം 10%) | വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 40 രൂപ നിരക്കിൽ വസ്തുനികുതി | 6472.4 | 1294.48 | 776.7 | 6990 |
| 60 രൂപ നിരക്കിൽ വസ്തുനികുതി | 9708.6 | 1941.72 | 1165.03 | 10485 |

വസ്തു നികുതി ഇനത്തിൽ കുറവ് = 10485 - 6990 = 3495/-രൂപ

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ഫയൽ പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ ബഹുനില വാണിജ്യാവശ്യത്തിനു ഇളവ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ആയത് സൂചിപ്പിച്ച് 18-08-2021 ന് എൻക്വയറി (നമ്പർ 8) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കെട്ടിടത്തിന്റെ പ്ലാൻ മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതും, കുറവ് വന്ന വസ്തു നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

3)സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നികുതി ഇളവിന് തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ അർഹതയുള്ളൂ. കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാണ്. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച് അപേക്ഷകളിൽ രേഖപ്പെടുത്തലുകളില്ല. ആയതിനാൽ 2000 ച. അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഭാഗങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് സംബന്ധിച്ച് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.
4) സാംഖ്യാ സോഫ്റ്റ് വെയറിൽ നിന്നുള്ള ക്യാൻസൽഡ് റെസീപ്റ്റ് റിപ്പോർട്ട് പ്രകാരം 29-03-2021ൽ ക്യാൻസൽ ചെയ്ത 120010105051 നമ്പർ രസീത് (300രൂപ) സഞ്ചയയിൽ കെട്ടിട നമ്പർ 11/134 ന്റെ 2013 ഒന്നാം അർദ്ധ വർഷം മുതൽ 2020 ഒന്നാം അർദ്ധ വർഷം വരെ 18 രൂപ വീതവും 2020 രണ്ടാം അർദ്ധ വർഷം 7 രൂപയും (ആകെ 295 രൂപ) വസ്തു നികുതി ആയി പോസ്റ്റ് ചെയ്തിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഫോക്കസ് മോട്ടോഴ്സ് | I, II |

| | | |
|---|---|---|
| 2 | സപ്ലൈക്കോ മന്നം | I, II |
| 3 | സപ്ലൈക്കോ ചിറ്റാറ്റുകര | I, II |
| 4 | എസ് ബി ഐ മന്നം | I, II |
| 5 | കെ എസ് ഇ ബി വടക്കേക്കര | I, II |
| 6 | പതിയാറ ബിൽഡ് വെയർ സൌത്ത് നാല്വഴി | I, II |
| 7 | ടോപ് മോസ്റ്റ് എന്റർപ്രൈസസ് പ്രൈവറ്റ് എൽ ടി ഡി | I, II |
| 8 | എസ് സി ബി 137 | I, II |
| 9 | റിലയൻസ് ഡിജിറ്റൽ സർവീസസ് | I, II |
| 10 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | I, II |
| 11 | സപ്ലൈക്കോ ഡിപ്പോ നോർത്ത് പറവൂർ | I, II |
| 12 | വടക്കേക്കര എസ് സി ബി 3131 | I, II |
| 13 | ചിറ്റാറ്റുകര സർവ്വീസ് കോർപറേറ്റീവ് ബാങ്ക് 1443 | I, II |
| 14 | എസ് എം എൽ മോട്ടോഴ്സ് | I, II |

ബി) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സപ്ലൈക്കോ ചിറ്റാറ്റുകര | I, II |
| 2 | സപ്ലൈക്കോ മന്നം | I, II |
| 3 | ദേവൂ മോട്ടോഴ്സ് യമഹ, താന്നിപ്പാടം | I, II |
| 4 | ടി വി എസ് സുന്ദരം അയ്യങ്കാർ സൺസ് & പ്രൈവറ്റ് ലിമിറ്റഡ് ,വെടിമറ | I, II |
| 5 | ഡോ.മസ്ഹർ'സ് ഹോമിയോപതിക് ഹോമിയോ ക്ലിനിക്ക്, തോപ്പ് | I, II |
| 6 | തുടർ വിദ്യഭ്യാസം പ്രേരക് | II |
| 7 | എസ് എം എൽ മോട്ടോഴ്സ് | I, II |
| 8 | ഫോക്കസ് മോട്ടോഴ്സ് | I, II |
| 9 | ഫാമിലി ക്ലിനിക്ക് (ഡെന്റൽ & ഹോമിയോ), പുതിയകാവ് | I, II |
| 10 | കളത്തുങ്കൽ ആയൂർ ക്ലിനിക്ക്, ചെറിയ പല്ലംതുരുത്ത് | I, II |
| 11 | ലക്ഷ്മി ക്ലിനിക്ക്, പട്ടണം റോഡ്, പട്ടണം | I, II |
| 12 | എ.എം റൈസ ഡോക്ടേഴ്സ് ലബോറട്ടറി | I, II |
| 13 | റിലയൻസ് ഡിജിറ്റൽ സർവീസസ് | II |

സി) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ആയത് പ്രകാരം തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

ഡി) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | പേര് |
|---|---|
| 1 | അഖിൽ എ ആർ |
| 2 | അനീഷ് സി എസ് |
| 4 | ബൈജു വി എസ് |
| 5 | ബിജിൽകുമാർ ടി എസ് |
| 6 | ദിലീപ് എം എം |
| 7 | ഫ്രാൻസിസ്.കെ.ജി |
| 8 | ജീസ്മോൻ.എം.എ |
| 9 | മഹേഷ്.കെ.എം |
| 10 | നൌഷാദ്.പി.എം |
| 11 | രാഗേഷ്.കെ.എം |
| 12 | രാജേഷ്.കെ.വി |
| 13 | സാബു.പി.ആർ |
| 14 | സലി.പി.ജെ |
| 15 | ഷൈൻ.എ.വില്യംസ് |
| 16 | സുരേഷ്.ടി.ജി |
| 17 | ശ്യാം.കെ.ടി |
| 18 | വിപിൻ.കെ.വി |
| 19 | ബിജു.ഒ.പി |
| 20 | ഇഗ്നേഷ്യസ് |
| 21 | ബിജു ഫ്രാൻസിസ് |
| 22 | പി.എ ജോഷി |

| | |
|---|---|
| 23 | പി.കെ നസീർ |
| 24 | കെ.ടി രമേഷ് |
| 25 | ജയപാലൻ.വി.ബി |
| 26 | സുനിൽ ബാബു |
| 27 | സുജീവ്.കെ.ആർ |

ഇ) കെ.എസ്.ഇ.ബി ചിറ്റാറ്റുകര, കേരള കൌൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് പട്ടണം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷം ഈടാക്കിയ തൊഴിൽനികുതി യഥാക്രമം 36000 രൂപയും, 8050 രൂപയുമാണ്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാന വിവരങ്ങൾ ലഭ്യമായില്ല. രണ്ടാം അർദ്ധവർഷം ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാക്രമം 35000 രൂപയും, 7800 രൂപയും തൊഴിൽ നികുതി ആയി ഈടാക്കിയിട്ടുണ്ട്. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരിൽ നിന്നും തൊഴിൽനികുതി പിരിച്ചതെന്നും, രണ്ടാം അർദ്ധവർഷം കുറവ് തൊഴിൽനികുതി ഈടാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് 16-08-2021 ന് എൻക്വയറി (നമ്പർ 4) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. മേൽ ചേർത്ത തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ്,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സ്വകാര്യ ആശുപത്രികളിൽ നിന്നും,സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ സഞ്ചയ പ്രകാരം താഴെ ചേർത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം ആശുപത്രി എന്ന ഇനത്തിലാണ് ചേർത്തിരിക്കുന്നത്. ഇവയിൽ നിന്നും 1999ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ ഫീസോ ലൈസൻസ് ഫീസോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|---|
| 1 | 9/297/B | ഡോ.പി.എം ഫയാസ്, പള്ളത്ത് ഐക്കരപ്പടി, മന്നം |
| 2 | 9/450 | ഡോ.മുഹമ്മദാലി, സ്മിതാ ഹോസ്പിറ്റൽ |
| 3 | 15/118 | കെ.ആർ കൃഷ്ണ |
| 4 | 15/254/D | സജീവ്.എ.അജോയ് |
| 5 | 16/258 | ഡോ.വിനോദ്കുമാർ |

2)താഴെ ചേർത്ത സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ,ലൈസൻസ് എന്നിവ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | പേര് |
|---|---|---|
| 1 | 11/440,441 | ശേഖര ആയുർവേദിക്സ് |
| 2 | 8/33 | യൂനസ് ഡെന്റൽ ക്ലിനിക്ക് |

മേൽ അപാകതകൾ സൂചിപ്പിച്ച് 18-08-2021 ന് എൻക്വയറി (നമ്പർ 7) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമായില്ല. മേൽ ചേർത്ത അപാകതകൾ പരിശോധിച്ച് ഇവയിൽ നിന്നും ലൈസൻസ് ഫീസ് , രജിസ്ട്രേഷൻ ഫീസ്, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ഭേദഗതി വരുത്തുകയും, ചട്ടത്തിലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് 500 രൂപ, 1000 രൂപ, 5000 രൂപ, 10000 രൂപ, 15000 രൂപ എന്നിങ്ങനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് അപേക്ഷകരിൽ കൂടുതലും 500 രൂപയിൽ താഴെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളാണുള്ളത്. ഇവയിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. 500 രൂപയിൽ താഴെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ആയത് സൂചിപ്പിച്ച് 16-08-2021 ന് നൽകിയ എൻക്വയറി നമ്പർ 5 ന് മുൻ വർഷങ്ങളിൽ ഈടാക്കിയ അതേ ലൈസൻസ് ഫീസ് തന്നെയാണ് തുടർന്ന് പോരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതിയ സ്ലാബ് നിശ്ചയിച്ച് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ലെന്നുമാണ് മറുപടി ലഭ്യമായത്. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് 2020-2021 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും, വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-17 ലാപ് ടോപ് - മുഴുവൻ വിതരണം ചെയ്തിട്ടില്ല

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥയായി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് എന്ന പ്രോജക്ട് S0088/21 ആയി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ആകെ 356980 രൂപ ബിൽ നമ്പർ 101235525/8.3.21 ആയി കേരള സ്റ്റേറ്റ് ഐ ടി മിഷന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

ഒരു ലാപ് ടോപ്പിന് 27460/- നിരക്കിൽ ആകെ 13 എണ്ണത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് ആണ് ഫയലിൽ ഉള്ളത്. ഒറിജിനൽ ഇൻവോയ്സ് ഇല്ല. ഈ പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധനക്കായി ലഭിച്ചിട്ടില്ല. എല്ലാ അപേക്ഷകളിലും പേരും മേൽവിലാസവും ഒരേ കയ്യക്ഷരത്തിൽ ചേർത്തിട്ടുള്ളതല്ലാതെ ബാക്കി യാതൊരു വിവരങ്ങളും ഒപ്പും ആരുടെ അപേക്ഷയിലും ഇല്ല. വിതരണരജിസ്റ്ററിൽ 10 എണ്ണം മാത്രമേ ചേർത്ത് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 3 എണ്ണം ഇനിയും വിതരണം ചെയ്യാനുണ്ട്. ഇതിനുള്ള ഗുണഭോക്താക്കളുടെ അപേക്ഷകളും ഫയലിൽ ഇല്ല.

## 1-18 സമഗ്ര ശിക്ഷാ കേരളം - ചെലവ് സംബന്ധിച്ച്

സമഗ്ര ശിക്ഷാ കേരളം വാർഷിക പദ്ധതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എൽ എസ് ജി ഷെയർ സ്റ്റേറ്റ്മെന്റ് നമ്പർ എ 1-133/20 , EKM/SSK, 25.8.20 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് പ്രോജക്ട് നമ്പർ S0 147/21 പ്രകാരം തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നുമായി പഞ്ചായത്ത് വിഹിതമായി ആകെ 614804 രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്ത് നൽകേണ്ട തുക വകയിരുത്തിയതിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടതായി കാണുന്നു.

| ഇനം | തുക |
|---|---|
| യൂണിഫോം | 39,120 |

| | |
|---|---|
| ലൈബ്രറി | 11,042 |

കോവിഡ് മഹാമാരി മൂലം 2020-21 അധ്യയനവർഷത്തിൽ സ്കൂളുകൾ ഉറക്കാതിരുന്ന സാഹചര്യത്തിൽ യൂണിഫോം, ലൈബ്രറി എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുകകൾ ആ ഇനങ്ങളിൽ ചെലവഴിക്കപ്പെടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അടുത്ത വർഷത്തെ ചെലവുകളിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്റ്റ് - അപാകതകൾ

പ്രോജക്റ്റ് നം. : എസ്.ഒ. 123/21

പ്രോജക്റ്റിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ

ആകെ അടങ്കൽ : 578550/- (വികസന ഫണ്ട് : 446000/-രൂ.-, തനത് ഫണ്ട്: 132550/-രൂ.(99225 + 33325)

ആകെ ചെലവ് : 578340/-രൂ.(446000 + 99225 + 33115)

2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ഈ പദ്ധതിയുടെ ചെലവ് രേഖകളെല്ലാംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം തെറ്റിച്ച് ആനുകൂല്യം നൽകിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം 578340/-രൂപ ചെലവഴിച്ച് വാങ്ങിയ കട്ടിൽ ഗുണഭോക്താക്കൾക്ക് നൽകാതെ സൂക്ഷിക്കുന്നു. ഈ വിവരങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള എൻക്വയറി (നം.9) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിന് ഗ്രാമസഭയുടെ സാധൂകരണവും അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരവും ആവശ്യമാണെന്നിരിക്കെ, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്നവർക്ക് ഗ്രാമസഭയുടെ സാധൂകരണമോ അംഗീകാരമോ ഇല്ലാതെ ആനുകൂല്യം നൽകിയിരിക്കുന്നു.

| ക്രമ നം. | പേരുവിവരം | വാർഡ് നം. |
|---|---|---|
| 1. | അബ്ദുൾ റഹ്മാൻ, വടക്കേത്തറ, മാക്കനായി, മന്നം പി.ഒ. | 7 |
| 2. | രുഗ്മണി, പയ്യപ്പിള്ളി പറമ്പ്,മാക്കനായി, മന്നം പി.ഒ. | 7 |
| 3. | സരസു ചന്ദ്രൻ,ചുങ്കത്ത്, മാക്കനായി, മന്നം പി.ഒ. | 7 |
| 4. | ചന്ദ്രമതി, വലിയപറമ്പിൽ, താന്നിപ്പാടം, മന്നം പി.ഒ. | 8 |
| 5. | വിലാസിനി, കത്തനാ പറമ്പ്, താന്നിപ്പാടം, മന്നം പി.ഒ. | 8 |
| 6. | കല്യാണി കെ. ആർ., കലാചന്ദ്ര. | 10 |
| 7. | പുഷ്പ, വടക്കേ മണപ്പുറത്ത്. | 11 |
| 8. | അബ്ദുള്ള കടേപ്പാടത്ത്, നീണ്ടൂർ, വടക്കേക്കര പി.ഒ. | 12 |
| 9. | കാഞ്ചന പുരുഷോത്തമൻ, പള്ളത്ത്, പൂയപ്പിള്ളി, വടക്കേക്കര പി.ഒ. | 14 |
| 10. | വിജയാംബിക, നൊച്ചിക്കാട്, പൂയപ്പിള്ളി, വടക്കേക്കര പി.ഒ. | 14 |
| 11. | ലീല ലക്ഷ്മണൻ, ചെറുകര പട്ടണം,വടക്കേക്കര പി.ഒ. | 15 |
| 12. | ജാനകി ശങ്കരായത്ത്, ആളംതുരുത്ത്. | 15 |

ഈ പദ്ധതിയുടെ ചെലവ് രേഖകളെല്ലാം തന്നെ പരിശോധനയ്ക്ക് ഹാജരാക്കി, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ,

ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമമനുസരിച്ച്, കട്ടിലുകൾ മുഴുവനായും ലഭ്യമാക്കുന്നതുവരെ 5,78,340/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സുലേഖ ചെലവ് പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കറവപ്പശു വിതരണം എന്ന പദ്ധതി (പ്രോജക്റ്റ് നമ്പർ 158/2020-2021) സംബന്ധിച്ച രേഖകൾ പ്രകാരം 27500 രൂപയുടെ ചെലവ് മാത്രമാണ് നടന്നിട്ടുള്ളത് എന്ന് ബോധ്യപ്പെടുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 165000 രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുലേഖ സോഫ്റ്റ് വെയറിൽ പദ്ധതിയുടെ ചെലവ് കൃത്യമായി രേഖപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

## 1-21 തെരുവ് നായ്ക്കളിലെ പ്രജനന നിയന്ത്രണം - പദ്ധതി നടപ്പാക്കിയിട്ടില്ല

തെരുവ് നായ്ക്കളിലെ പ്രജനന നിയന്ത്രണവും വന്ധ്യംകരണവും എന്ന പ്രോജക്റ്റിന് താഴെപ്പറയുന്ന രീതിയിൽ കുടുംബശ്രീ എറണാകുളം ജില്ലാ മിഷന് തുക നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| എസ്0026/21(2020-21) | 31500<br>വികസന ഫണ്ട് | 132404/25.2.21 |

തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിനുള്ള എബിസി പദ്ധതി ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിയതായും ഒരു തെരുവ് നായയെ വന്ധീകരിക്കുന്നതിനായി തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഒരു നായക്ക് 2100 രൂപ നിരക്കിൽ മുൻകൂർ ആയി കുടുംബശ്രീ ജില്ലാ കോർഡിനേറ്റർക്ക് നൽകാവുന്നതുമാണ് എന്ന് സ.ഉ.നം. 1450/17/തസ്വഭവ., തീയതി 5/5/2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഇപ്രകാരം തുക കൈമാറിയശേഷം കുടുംബശ്രീയുമായി വച്ച കരാറിൽ, എബിസി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ, നായകളെ സൂക്ഷിക്കുന്നതിനുള്ള കൂടുകൾ സർജറി റൂം മുതലായവ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കരാറനുസരിച്ച് തുക കൈമാറിയിട്ടുണ്ടെങ്കിലും ഇതുവരെയും പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കുടുംബശ്രീയോട് ആവശ്യപ്പെടേണ്ടതാണ്.

## 1-22 വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടും 2020-21 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായൊരു തുക തന്നെ (10,09,680/-രൂ.) ചെലവഴിച്ചിരിക്കുന്നതായി കാണുന്നു. പഞ്ചായത്ത് സെക്ഷനോട് ഇതേക്കുറിച്ച് നേരിട്ട് അന്വേഷിച്ചപ്പോൾ പഞ്ചായത്ത് , വാട്ടർ അതോറിറ്റിയുമായി ചേർന്നൊരു സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്ന് അറിയിക്കുകയുണ്ടായി. പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. "ജലവിതരണവും ശുചിത്വവും" എന്ന മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ജലഅതോറിറ്റിയുടെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ ആ സ്ഥാപനത്തിന്റെ പ്രാദേശിക ഓഫീസ് മേധാവിയോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ സംയുക്ത പരിശോധന നടത്തിയാണ് ടാപ്പുകളുടെ എണ്ണവും അവസ്ഥയും തിട്ടപ്പെടുത്തേണ്ടത്. പരിശോധനയെത്തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാക്കുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പാക്കാൻ എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയുന്ന പ്രകാരം തുകകൾ ആലപ്പുഴ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകകൾക്ക് മുഴുവനായി മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | ബിൽ റഫറൻസ് നമ്പർ, | നൽകിയ | മരുന്നുകൾലഭിച്ച | ലഭിച്ച | ബാക്കി |
|---|---|---|---|---|---|

| നമ്പർ | തീയതി | തുക | ഇൻവോയ്സ് നമ്പർ / തീയതി | മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|---|
| 128/20-21 | 500398049/06.01.2021 | 2,00,000 | LF.532/27.06.2021 | 33086 | 1,76,914 |
| 129/20-21 | 501013164/29.01.2021 | 2,00,000 | - | - | 2,00,000 |

കോവിഡ് മഹാമാരി കണക്കിലെടുത്ത് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-24 പാലിയേറ്റീവ് കെയർ സെന്റർ-മരുന്നുകൾ ലഭ്യമായിട്ടില്ല

ചിറ്റാറ്റുകര പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 7/20-21 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കിടപ്പ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി 100000/- നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകക്കുള്ള യാതൊരു വിധ മരുന്നുകളും ഉപകരണങ്ങളും ഇതുവരെയും ലഭിച്ചിട്ടില്ല. 2019-20 വർഷത്തെ മരുന്നുകളും ഇതുവരെയും പൂർണ്ണമായി ലഭിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയിൽപ്പെടുന്ന ഗുണഭോക്താക്കൾ അവശരും വളരെയധികം ഗുരുതരാവസ്ഥയിൽപ്പെട്ടവരുമായതിനാൽ മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം വളരെ വൈകി ലഭിക്കുന്ന മരുന്നുകളും ഉപകരണങ്ങളും രോഗികൾക്ക് ഉപയോഗപ്രദമല്ലാതെ വരുന്ന അവസ്ഥയാണുള്ളത്. അവശ്യമരുന്നുകളും ഉപകരണങ്ങളും സമയത്ത് തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-25 കോവിഡ് പ്രവർത്തനങ്ങൾ-അവലോകനം

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 146/21നമ്പർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.പഞ്ചായത്തിലെ പുതിയകാവ് എൽ.പി സ്കൂളിൽ ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. തികച്ചും സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിലാണ് ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനം. പഞ്ചായത്തിലെ 18 വാർഡുകളിൽ റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത് ആയത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ മെയ് മാസങ്ങളിൽ വാർ റൂം,ഹെൽപ്പ് ഡെസ്ക് എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്റർ ന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും ,സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ്സ് മാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തി സാമൂഹിക അടുക്കളയിലേക്ക് സാധന സാമഗ്രികൾ വാങ്ങിക്കുകയും ചെയ്ത് പോരുന്നു.ഇതിനെല്ലാം കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ഭക്ഷണം | 26260431 |
| 2 | കൂലി (ക്ലീനിംഗ്) | 117750 |
| 3 | വേജസ്(സ്റ്റാഫ്) | 151460 |
| 4 | ഇൻഫ്രാസ്ട്രക്ച്ചർ | 100061 |
| 5 | സാനിറ്റേഷൻ | 122979 |
| 6 | ഇന്ധനം& ആബുലൻസ് | 152340 |
| | ആകെ | 905021 |

2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഇനം | തുക |
|---|---|---|
| 1 )146/21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | സി.എഫ്.എൽ.ടി.സി. നിർമ്മാണം (പ്ലാൻ ഫണ്ട്) | 2,96,000 |
| 2) 146/21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | സി.എഫ്.എൽ.ടി.സി. നിർമ്മാണം (തനത് ഫണ്ട്) | 27,398 |
| | ആകെ | 3,23,398 |

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് കോവിഡിന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നും നടത്തി പോരുന്നുണ്ട്.

## 1-26 ഓഡിറ്റ് ഇംപാക്ട്

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന്, താഴെ ചേർത്ത തുകകൾ അടവാക്കുകയുണ്ടായി.

| എൻക്വയറി നം. / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 2/ 13.08.2021 | രസീത് മുഖേന പിരിച്ച പണം പഞ്ചായത്തിൽ അടവാക്കാത്തത് സംബന്ധിച്ച് | 121010100854 മുതൽ 121010100857 വരെ/ 25.08.2021 | 476/- |
| 8/ 18.08.2021 | വസ്തുനികുതി | 121010100839 / 25.08.2021 | 17,568/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

.

## 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | വർഷം | തുക | ഇനം | ചെലവഴിച്ച തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 106355 | 173/21 പാൽ വില സബ്സിഡി | 106355 |
| | 2020-21 | 275000 | 186/21 പാൽ വില സബ്സിഡി | 275000 |
| | 2020-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 200000 |
| | 2020-21 | 150000 | 7/21 പാലിയേറ്റീവ് കെയർ | 150000 |
| | 2020-21 | 1000000 | 230/21 ലൈഫ് ഭവന പദ്ധതി | 1000000 |
| | 2020-21 | 399142 | 253/21 പറയകാട് കരിമ്പാടം തോട് ആഴംകൂട്ടി ജൈവ വസ്തുക്കൾ ഉപയോഗിച്ച് പാർശ്വ ഭിത്തി സംരക്ഷണം | 399142 |
| | 2020-21 | 399226 | 54/21 തണ്ടാശ്ശേരി കണ്ണമ്പിള്ളി തോട് ആഴംകൂട്ടി ജൈവ വസ്തുക്കൾ ഉപയോഗിച്ച് പാർശ്വ ഭിത്തി സംരക്ഷണം | 399226 |
| | 2020-21 | 225000 | ഭവന നിർമ്മാണം (ലൈഫ്) | 225000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | പാൽ വില സബ്സിഡി | 50000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ പറയുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. , തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 164/21 തെരുവ് വിളക്ക് സ്ഥാപിക്കൽ | 22000511 | 481139/- | 481139/- | 0 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | വൈദ്യുത ലൈൻ നീട്ടൽ | 22000509 | 281403 | 281403 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ.(സാ).68/18 ധന.18.05.18 | 4,11,30,000 | 3,43,96,471 | 25,30,000 | 0 | 3,67,86,471 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,898/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :-

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി | അക്കൗണ്ട് ഹെഡ് |
|---|---|---|---|---|---|
| 2018-19 | 3-1 | 2,898 | അസി.എഞ്ചിനിയർ | 120010100568/ 04.06.2020 | 180400101 |
| ആകെ | | 2,898 | | | |

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | കൺവിനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ (എസി) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,77,02,385 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,47,04,271 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,78,340 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 578340 | ഫിലോമിന ടീന<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് |
| ആകെ | 578340 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഫിലോമിന ടീന<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>വടക്കേക്കര ഗ്രാമപഞ്ചായത്ത് | അറക്കപറമ്പിൽ വീട്<br>വല്ലാർപാടം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2) 613/98 തീയതി 3.2.1999 |
| 1998-99 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 1999-00 | ---"--- |
| 2000-01 | എൽ എഫ് ഇ (പി2) 1454/02 തീയതി 22.9.2007 |
| 2001-02 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2002-03 | എൽ എഫ് ഇ (പി2) 823/07തീയതി 22.9.2007 |
| 2003-04 | എൽ എഫ് ഇ (പി2) 581/10തീയതി 20.5.2011/1.8.2011 |
| 2004-05 | എൽ എഫ് ഇ (പി2) 582/10തീയതി 20.5.2011/1.8.2011 |
| 2007-08 | എൽ എഫ് ഇ (പി2) 1595/08തീയതി 16.2.2009/6.6.2009 |
| 2008-09,2009-10,2010-11 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2011-12,2012-13 | ---"--- |
| 2013-14 | എൽ എഫ് ഇ (പി10)647/15 തീയതി 8.6.15 |
| 2014-15 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2015-16 | എൽ എഫ് ഇ (പി12)2123/16 തീയതി 15.12.16 |
| 2016-17 | കെ എസ് ഇ-ഇകെഎം (പി12) 1725/2017 തീയതി 25.05.2018 |
| 2017-18 | കെ എസ് ഇ-ഇകെഎം (പി12) 1624/2018 തീയതി 07.9.2018 |
| 2018-19 | കെ എസ് ഇ-ഇകെഎം (പി12)139/2020 തീയതി 03.03.2020 |
| 2019-20 | കെ എസ് ഇ-ഇകെഎം (പി12)459/2021 തീയതി |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്